## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1523 — 28.07.2021 ൽ മറുപടിക്ക്

### ബ്ലോക്ക് പി.എച്ച്.സി.കളിൽ ഡയാലിസിസ് സൗകര്യം

| ചോദ്യം<br>ശ്രീ കെ ബി ഗണേഷ് കുമാർ<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ശ്രീ. കെ.പി.മോഹനൻ<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഹെൽത്ത് ഇൻസ്പെക്ടർ -പബ്ലിക്ക് ഹെൽത്ത് നേഴ്സ് തസ്തികകളുടെ അഭാവമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് പരിഹാരമുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഹെൽത്ത് ഇൻസ്പെക്ടർ- പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ പ്രൊമോഷൻ തസ്തികകൾ ആണ്. ഇതിലുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ നടത്തി നികത്താറുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കൊവിഡ് നിയന്ത്രണ സാഹചര്യങ്ങളിൽ ജില്ലാ- സംസ്ഥാന തലങ്ങളിലുള്ള ആശുപത്രികളിൽ എത്തി ഡയാലിസിസ് നടത്തുവാൻ രോഗികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് പരിഗണിച്ച്, ബ്ലോക്ക് തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ബ്ലോക്ക് തലത്തിൽ ഉള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് തലത്തിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തണമെങ്കിൽ ഫിസിഷ്യൻ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, അറ്റൻഡർ തുടങ്ങിയ സ്റ്റാഫുകളുടെ ആവശ്യമുണ്ട്. ഡയാലിസിസ് മെഷിനുകൾ പ്രവർത്തിപ്പിക്കുവാൻ uninterrupted powersupply, water supply എന്നിവയും ആവശ്യമാണ്. ഈ കാരണങ്ങളാൽ ഇപ്പോൾ ബ്ലോക്ക് തലത്തിൽ ഉള്ള സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

Hari

സെക്ഷൻ ഓഫീസർ